2B1N23285

(Pages : 2)

Reg. No:.........................

Name: ...........................

# FAROOK COLLEGE (AUTONOMOUS), KOZHIKODE

## First Semester BA/B.Sc Degree Examination, November 2023

## BML1A07(1) - Malayala Sahithyam – I

(2022 Admission onwards)

Time : 2 ½ hours

Max. Marks : 80

**രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരം എഴുതുക. 2 മാർക്ക് വീതം.പരമാവധി മാർക്ക് 25 .**

1. കാളിന്ദീ തീരത്തെത്തിയ ഗോപാലൻമാർക്ക് എന്താണ് സംഭവിച്ചത്?
2. "പാരിച്ച ചാടിനാൻ ചാരത്തെ വാരിയിൽ വേരറ്റ മേരുക്കുന്നെന്നപോലെ" വേരറ്റ മേരുക്കുന്നെന്നപോലെ എന്ന പ്രയോഗത്തിന്റെ സാരസ്യം വിലയിരുത്തുക.
3. "ആരിന്ന് വന്നതെന്നാലയം തന്നിലേ ധീരനായ് കേവലം ചാവതിന്നായി ": ഈ വരികളിൽ വ്യക്തമാകുന്ന കാളിയന്റെ സ്വഭാവം എന്താണ്?
4. "മാതൃവചനം ശിരസി ധരിച്ചുകൊണ്ടാദരവോടെ തൊഴുതു സൌമിത്രിയും": എന്തായിരുന്നു മാതൃവചനം?
5. രാമൻ വനവാസത്തിനു പോകുന്നതറിഞ്ഞ അയോദ്ധ്യാനിവാസികളുടെ പ്രതികരണം എന്തായിരുന്നു?
6. "മതിമാനവനിഹ മതിയാമൊരുവൻ" ആരെ, എന്തിന് മതിയാകും എന്നാണ് ഇവിടെ പറയുന്നത് ?
7. "കുങ്കുമത്തിന്റെ വാസമറിയാതെ കുങ്കുമം ചുമക്കുമ്പോലെ ഗർദ്ദഭം": എന്തിനെക്കുറിച്ചാണ് കവി പറയുന്നത് ?
8. മകനെ തുണകൂട്ടി ഉണ്ണിയാർച്ച അല്ലിമലർക്കാവിൽ പോകുന്നത് കുഞ്ഞിരാമന്റെ അച്ഛനമ്മമാർ തടയുന്നതിന്റെ കാരണമെന്താണ്?
9. "വ്യസനം തീരാതെ എന്നെ ദുഃഖക്കടലിൽ പെട്ടു": മറിയക്കുട്ടി ദുഃഖക്കടലിൽപ്പെട്ടത് എങ്ങനെ?
10. "ടൈഗർ ഭാഗ്യവാനായ നായയാണ്" കഥാകൃത്ത് നായയെ ഭാഗ്യവാൻ എന്ന് വിശേഷിപ്പിച്ചതിന്റെ കാരണമെന്ത്?
11. "എന്തിനാണ് ഒരു കള്ളനെപ്പോലെ എന്റെ പിറകിൽ നിന്ന് ... ഞാനിങ്ങനെ ഒരു പെരുമാറ്റം ഒരിക്കലും പ്രതീക്ഷിച്ചതല്ലല്ലോ": ആരുടെ വാക്കുകളാണിത് ? എന്തിനെക്കുറിച്ചാണ് പറയുന്നത്?
12. രാച്ചിയമ്മയെ ആദ്യം കണ്ടപ്പോൾ കഥാനായകന് അവരുടെ രൂപത്തെപ്പറ്റി എന്താണ് തോന്നിയത്?
13. മൽസ്യമുള്ള നീറ്റിലേ കുളിക്കാമോ കൊറിക്കാമോ<br>ഉപ്പിച്ച വെള്ളമിറക്കാമോ..<br>പിന്നെന്തു തീണ്ടലാണ് തമ്പുരാന്റെ തീണ്ടല്"- വിശദമാക്കുക
14. "മരിച്ച ഒരാളെ എങ്ങനെ വീട്ടിൽ കയറ്റിയിരുത്തും സാറേ ?" സന്ദർഭം വിശദമാക്കുക.
15. പാത്തു കണ്ട പേടിസ്വപ്നം എന്തായിരുന്നു?

16മുതൽ 23 വരെയുള്ളചോദ്യങ്ങൾക്ക് 100വാക്കിൽ കവിയാതെ ഉത്തരം എഴുതുക. 5 മാർക്ക് വീതം. പരമാവധി മാർക്ക് 35 .

16. രുഗ്മിണിയുടെ ഭർത്താവാകാൻ ശിശുപാലന് എന്തെല്ലാം ഗുണങ്ങൾ ഉണ്ടെന്നാണ് രുഗ്മിയുടെ വാദം?

17. കൃഷ്ണനും കാളിയനും തമ്മിലുള്ള ഏറ്റുമുട്ടൽ അനുഭവിപ്പിക്കാൻ ചെറുശ്ശേരിയുടെ ആഖ്യാനത്തിന് കഴിയുന്നുണ്ടോ എന്ന് പരിശോധിക്കുക.

18. തീണ്ടലിന്റെ നിർത്ഥകത പാക്കനാർ എങ്ങനെയാണ് തമ്പുരാനെ ബോധ്യപ്പെടുത്തുന്നത്? സോദാഹരണം വിശദീകരിക്കുക.

19. രോഗഭീതിയും മനുഷ്യബന്ധങ്ങളും തമ്മിലുള്ള മുഖാമുഖം ആവിഷ്കരിക്കുന്നതിൽ *ഉള്ളൂക്കം* എന്ന കഥ എത്രത്തോളം വിജയിച്ചിട്ടുണ്ട് എന്ന് വിലയിരുത്തുക.

20. "ഞാൻ മരിച്ചതാ, പക്ഷേ എനിക്കിനിയും ജീവിക്കണം" ഈസയെ നയിക്കുന്ന ഈ ജീവിതാഭിനിവേശം അയാൾക്ക് നിഷേധിക്കപ്പെട്ട ജീവിതത്തിന്റെ ബാക്കിപത്രമാണ്. വിശദമാക്കുക.

21. *കടൽ* എന്ന കഥയുടെ ശീർഷകം ആ കഥയ്ക്ക് നല്കുന്ന അധികമാനം വിലയിരുത്തുക.

22. വൃദ്ധരായ നായികാനായകൻമാർക്കിടയിലെ പരസ്പരബന്ധത്തെ *മോതിരം* എന്ന കഥയിൽ കാരൂർ എപ്രകാരമാണ് അവതരിപ്പിക്കുന്നത് ? വിശദീകരിക്കുക .

23. "കുലീനതയുടെ ലോകം എത്രത്തോളം പൊള്ളയാണെന്ന് അഷിതയുടെ *ഒത്തുതീർപ്പ്* എന്ന കഥ ബോധ്യപ്പെടുത്തുന്നു." ഈ പ്രസ്താവന വിലയിരുത്തി നിങ്ങളുടെ അഭിപ്രായം അവതരിപ്പിക്കുക.

ഉപന്യാസ ചോദ്യങ്ങളിൽ എതെങ്കിലും രണ്ടെണ്ണത്തിന് രണ്ടു പുറത്തിൽ കവിയാതെ ഉത്തരം എഴുതുക. 10 മാർക്ക് വീതം. .

24. കുഞ്ചൻനമ്പ്യാരുടെ ഫലിതപ്രയോഗശേഷി *രുഗ്മിണീസ്വയംവരം* എന്ന കാവ്യഭാഗം മുൻനിർത്തി പരിശോധിക്കുക.

25. *ആറ്റുമ്മണമ്മേൽ ഉണ്ണിയാർച്ച, കുത്ത് പാട്ടിലെ മറിയക്കുട്ടി* എന്നീ കഥാപാത്രങ്ങളെ തന്റേടവും ആത്മാഭിമാനവുമുള്ള സ്ത്രീജീവിതമായി വിലയിരുത്തുന്നത് യുക്തിഭദ്രമാണോ? നിങ്ങളുടെ നിരീക്ഷണങ്ങൾ അവതരിപ്പിക്കുക

26. "രാച്ചിയമ്മയ്ക്കും കഥാനായകനും ഇടയിൽ ഉരുത്തിരിയുന്ന ബന്ധത്തെ ആവിഷ്കരിക്കുമ്പോൾ ഉറൂബിന്റെ സവിശേഷമായ രചനാകൌശലം വായനക്കാരെ വിസ്മയിപ്പിക്കുന്നു." ഈ പ്രസ്താവനയെ കഥാസന്ദർഭങ്ങളുടെ സഹായത്തോടെ സാധൂകരിക്കുക.

27. "കുടുംബം, അഭയം, സുരക്ഷിതത്വം തുടങ്ങിയ ആശയങ്ങളെ വർത്തമാനകാലത്തെ മനുഷ്യാവസ്ഥകളെ മുൻനിർത്തി വിചാരണചെയ്യുകയാണ് *തന്തത്താഴ്* എന്ന കഥ." : ഈ നിരീക്ഷണത്തോട് നിങ്ങൾ യോജിക്കുന്നുണ്ടോ? സ്വാഭിപ്രായം അവതരിപ്പിക്കുക.

Reg. No.............................

Name: ...............................

FAROOK COLLEGE (AUTONOMOUS), KOZHIKODE

**First Semester BCOM/BBA Degree Examination, November 2023**

**BML1A07(2) - Malayala Sahithya Padanam – I**

(2022 Admission onwards)

Time : 2 ½ hours

Max. Marks : 80

**രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരം എഴുതുക. രണ്ടു മാർക്ക് വീതം പരമാവധി മാർക്ക് 25**

1. കടകിലെ മഴയുടെ പ്രത്യേകത എന്താണ് ?
2. കോപ്പകാരൻ കാഞ്ഞിരൻ ആരായിരുന്നു ?
3. മന്ദപ്പൻ നാട് വിടാൻ കാരണമെന്ത്?
4. "ഞാനും കഴിയുന്നത്ര പുരോഗമനവാദിയായി കഴിയാനാ ഉദ്ദേശിക്കുന്നത്.": ഈ വാക്കുകൾ ആര്, ആരോട് പറഞ്ഞതാണ്?
5. "അവൾക്ക് ഇതുവരെ നാം രണ്ടുപേരും ചെയ്തത് മുഴുവൻ കൊടിയ പാപങ്ങളാണ്." ഈ സംഭാഷണത്തിന്റെ സന്ദർഭം വിശദമാക്കുക
6. "ഒറ്റയ്ക്ക് വിരിയുന്ന പൂക്കളാണ് പലപ്പോഴും നമ്മളൊക്കെ" ബാല്യ ഇങ്ങനെ പറഞ്ഞത് എന്തിനെപ്പറ്റിയാണ്?
7. രാമൻ നായർ പക്ഷി നിരീക്ഷണത്തിലേക്ക് തിരിഞ്ഞത് എന്തുകൊണ്ട് ?
8. "ഈ 'പെൺപൂ' വിന്റെ അർത്ഥമിതായിരുന്നു" : എന്ത്?
9. അയൽരാജ്യത്തെ രാജാവ് വരച്ച വിശിഷ്ടാതിഥിയുടെ ചിത്രം കഥാനായകനെ സ്തബ്ധനാക്കിയത് എന്തുകൊണ്ട്?.
10. മതങ്ങൾ കലഹിക്കുന്നു എന്നത് ഒരു ലാക്ഷണികപ്രയോഗമാണ് എന്ന് അഴീക്കോട് പറയുന്നതെന്തുകൊണ്ട് ?
11. മതം സ്വത്തായിത്തീരുന്നു എന്ന അഴീക്കോടിന്റെ അഭിപ്രായത്തിന്റെ അടിസ്ഥാനമെന്താണ് ?
12. കെ ഇ എന്നിന്റെ അഭിപ്രായത്തിൽ നിറത്തെക്കുറിച്ചുള്ള ചന്തുമേനോന്റെ 'സവർണ്ണ സങ്കല്പം' എന്താണ് ?
13. സൗന്ദര്യവ്യവസായം എന്തിനാണ് തീ കൊളുത്തിയിരിക്കുന്നത് ?
14. നാട്ടിൽ പാർക്കാതിരിക്കൽ മലയാളിയുടെ രീതിയായതെങ്ങനെ ?
15. എം.എൻ കാരശ്ശേരിയുടെ അഭിപ്രായത്തിൽ ലോകത്തെവിടെയുമുള്ള മലയാളിയെ ഒന്നാകെ അഭിസംബോധന ചെയ്യുന്നതും പരസ്പരം ബന്ധിപ്പിക്കുന്നതും എന്താണ് ?

**16മുതൽ 23 വരെയുള്ളചോദ്യങ്ങൾക്ക് 100വാക്കിൽ കവിയാതെ ഉത്തരം എഴുതുക. 5 മാർക്ക് വീതം. പരമാവധി മാർക്ക് 35 .**

16. കതിവന്നൂർ വീരന്റെ ഐതീഹ്യം ചുരുക്കി അവതരിപ്പിക്കുക ?
17. കടകിലെ കമ്യൂണിസ്റ്റ് പ്രസ്ഥാനത്തെയും ഫിലിപ്പോസിനെയും എൻ പ്രഭാകരൻ എങ്ങനെയാണ് അവതരിപ്പിക്കുന്നത് ?

18. തീവ്രമായ ജാതിവിവേചനത്തിന്റെ ദൃശ്യങ്ങളാണ് കോട്ടാർ ആശുപത്രിയിൽ കണ്ടത്. സോദാഹരണം വിവരിക്കുക

19. ധർമ്മപാലന്റെ ഭാര്യ പുരോഗമവാദിയായ ഒരു സ്ത്രീയാണോ? നിങ്ങളുടെ അഭിപ്രായം സയുക്തികം അവതരിപ്പിക്കുക .

20. 'തിരക്കുകൾ വിട്ടൊഴിയുമ്പോഴുണ്ടാകുന്ന ശൂന്യതയുടെ ലോകം ആവിഷ്കരിക്കുകയാണ് മലയാറ്റൂരിന്റെ സൂചിമുഖി': ഈ അഭിപ്രായത്തോട് യോജിക്കുന്നോ ? നിങ്ങളുടെ അഭിപ്രായം കാര്യകാരണസഹിതം അവതരിപ്പിക്കുക.

21. മതത്തിന്റെ ആന്തരിക ബാഹ്യരൂപങ്ങൾ തമ്മിലുള്ള വ്യത്യാസം എന്താണ്? നല്ല മതം, ചീത്ത മതം എന്ന വിഭജനത്തിന്റെ അടിസ്ഥാനമെന്ത്?

22. സൗന്ദര്യവ്യവസായം എങ്ങനെയാണ് ശരീരത്തെ വിപണന ഉപാധിയാക്കുന്നത് ?

23. അയൽരാജ്യത്ത് എത്തിച്ചേരാൻ ഉമാപതിക്ക് സ്വന്തം ആദർശങ്ങൾ മുഴുവൻ ഉപേക്ഷിക്കേണ്ടിവരുന്നു. ഉമാപതിയുടെ ഈ നടപടികൾ സാധൂകരിക്കത്തക്കതാണോയെന്ന് വിലയിരുത്തുക.

**ഉപന്യാസ ചോദ്യങ്ങളിൽ ഏതെങ്കിലും രണ്ടെണ്ണത്തിന് രണ്ടു പുറത്തിൽ കവിയാതെ ഉത്തരം എഴുതുക. 10 മാർക്ക് വീതം .**

24. "അവൻ എന്തുതന്നെ ചെയ്തിട്ടുണ്ടെങ്കിലും അവൻ നിരപരാധിയാണ്." നായാടി കൊലപാതകം ചെയ്താലും അയാളെ നിരപരാധിയായി കാണണം എന്ന *നൂറു സിംഹാസനങ്ങ*ളിലെ ധർമ്മപാലന്റെ വാദം അയാളുടെ സ്വന്തം അനുഭവങ്ങൾകൊണ്ട് തന്നെ സാധൂകരിക്കപ്പെടുന്നുണ്ടോ എന്ന് പരിശോധിക്കുക.

25. "നിങ്ങൾ കടകിൽ നിന്ന് മടങ്ങിപ്പോകും. പക്ഷേ കടക് ഒരിക്കലും നിങ്ങളെ ഉപേക്ഷിക്കില്ല": ഈ അനുഭവം *കടക് കറിപ്പിന്റെ* വായനക്കാർക്കും ഉണ്ടാക്കാൻ എൻ പ്രഭാകരന് കഴിഞ്ഞിട്ടുണ്ടോ എന്ന് പരിശോധിക്കുക

26. രാജ്യാതിർത്തികൾ മാറുമ്പോഴും അധികാരത്തിന്റെ സ്വഭാവം മാറ്റമില്ലാതെ തുടരും എന്ന തിരിച്ചറിവാണ് *അയൽരാജാവ്* എന്ന കഥ ബാക്കിയാക്കുന്നത് : സമർഥിക്കുക

27. മലയാളഭാഷയുടെ വളർച്ചയിലും ഇടർച്ചയിലും ഒപ്പം ലോകത്തെങ്ങുമുള്ള മലയാളിയെ അടുപ്പിക്കുന്നതിലും മലയാളം ടെലിവിഷൻ വഹിക്കുന്ന പങ്ക് എന്താണെന്ന് വിവരിക്കുക.

2B1N23287 (Pages : 3) Reg. No:.........................

Name: .........................

FAROOK COLLEGE (AUTONOMOUS), KOZHIKODE

**First Semester B.Sc CS/BAMM Degree Examination, November 2023**

**BML1A07(3) - Malayala Bashayum Sahithyavum - 1**

(2022 Admission onwards)

Time : 2 ½ hours Max. Marks : 80

## Section A

രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക. (**2x15 = 30**, പരമാവധി 25 മാർക്ക്)

1. "നശിപ്പിച്ചവരാണല്ലോ യഥാർത്ഥത്തിൽ നിരാശപ്പെടേണ്ടത്."ആരാണ് ഇങ്ങനെ പറയുന്നത് ? സാഹചര്യമെന്ത്?
2. "ഞങ്ങളുടെ രീതികൾ നിങ്ങളുടേതിൽ നിന്നും വ്യത്യസ്തമാണ്."സിയാറ്റിൻ മൂപ്പൻ സൂചിപ്പിക്കുന്നതെന്ത്?
3. മഠത്തിലേക്ക് കയറുമ്പോൾ നടാലിയയ്ക്ക് നഷ്ടപ്പെട്ടത് എന്തെല്ലാമായിരുന്നു ?
4. ആഖ്യാതാവിനെ ലോലയുമായി അടുപ്പിച്ച ഘടകം എന്തായിരുന്നു ?
5. "അവൾ രണ്ടു രാജ്യങ്ങളെയും ചീത്ത പറഞ്ഞു."കാരണമെന്ത്?
6. "ഒരു കിറുക്കനെ എന്നും നാട്ടിന്നാവശ്യമാ."ആരു പറയുന്നതാണിത്? സന്ദർഭം എഴുതുക.
7. "ഉപ്പു കുറുക്കിയാൽ സ്വാതന്ത്ര്യം കിട്ടുമോ?"മകന്റെ ഈ ചോദ്യത്തിന് അച്ഛന്റെ പ്രതികരണം എന്തായിരുന്നു?
8. "മറ്റുള്ളവരുടെ വേദന എന്തെന്ന് നീ അറിഞ്ഞിട്ടുണ്ടോ ?" അച്ഛൻ ഇങ്ങനെ ചോദിക്കാൻ കാരണമെന്ത്?
9. എസ്.കെ.യുടെ പാസ്പോർട്ട് കണ്ട ഇംഗ്ലീഷുകാരന്റെ പ്രതികരണം എന്തായിരുന്നു?

10. "ചരിതാർത്ഥനായ് ധ്യാനനിരതനായ്

വാഴ്കയാണിരുപത് നൂറ്റാണ്ടായ് മുനിയെവിടെ."

-ആരെക്കുറിച്ചാണ് ഇവിടെ സൂചിപ്പിക്കുന്നത്?

11. "നരി വന്നാൽ വന്നോട്ടെ സുപരീക്ഷിതങ്ങളെൻ

ചരണങ്ങൾ, ഞാനൊരു പെണ്ണല്ലല്ലോ."-ഇങ്ങനെ പറയുന്നതാര്? കാരണമെന്ത്?

12. "ഇരയായയ് ഞാൻ വീഴണോ, മടയിൽ നിന്മക്കൾതൻ

പൊരിയും വയറ്റിലേക്കെത്തണോ ഞാൻ?" -സന്ദർഭം എഴുതുക.

13. 'പല പോസിലുള്ള ഫോട്ടോകൾ' എന്ന കവിതയിൽ ബഷീർ ഒരു

സൂചകമാകുന്നതെങ്ങനെ?

14. "ആളുകൾ കണ്ടു കണ്ടാണ് സർ

കടലുകൾ ഇത്ര വലുതായത്!"-സാരാംശം എഴുതുക.

15. താഴെ കൊടുത്ത കവികളെയും കൃതികളെയും ചേരും പടി ചേർക്കുക.

| | |
|---|---|
| സച്ചിദാനന്ദൻ | - കൊച്ചിയിലെ വൃക്ഷങ്ങൾ |
| കെ.ജി. ശങ്കരപ്പിള്ള | - ഇവനെക്കൂടി |
| ഇടശ്ശേരി | - രാത്രിമഴ |
| സുഗതകുമാരി | - ഒരുപിടി നെല്ലിക്ക |
| | - മാമ്പഴം |

## Section B

**നൂറു വാക്കിൽ കവിയാതെ ഉത്തരമെഴുതുക.(5x8 = 40, പരമാവധി 35 മാർക്ക്)**

16. ഭൂമിയുടെ ഉടമസ്ഥതയെ സംബന്ധിച്ചുള്ള ധാരണകൾ എന്തെല്ലാം?

17. ജാതിയും മതവും അതിരുകളും രണ്ടുപേരെ ഒരുമിച്ച് ജീവിക്കാൻ അനുവദിക്കാത്തതിന്റെ സാഹചര്യം ലോലയിൽ രൂപപ്പെടുന്നത് എങ്ങനെ?

18. "മൃഗങ്ങൾക്ക് സംഭവിക്കുന്നതെന്തോ , അത് മനുഷ്യനും സംഭവിക്കും."

സിയാറ്റിൻ മൂപ്പൻ നൽകുന്ന മുന്നറിയിപ്പിന്റെ അടിസ്ഥാനമെന്ത് ?

19. നടാലിയ കന്യാസ്ത്രീ ജീവിതത്തിൽ നിന്ന് പോരാനുണ്ടായ കാരണമെന്ത്?

20. തണ്ണീർത്തട സംരക്ഷണത്തിനായി കല്ലേൻ പൊക്കുടൻ ചെയ്ത

പ്രവർത്തനങ്ങൾ എന്തെല്ലാം?

21. ഇന്ത്യൻ സ്ത്രീയുടെ പ്രതീകമായി മീരയെ കവി അവതരിപ്പിക്കുന്നതെങ്ങനെ?

22. ജന്മനാട്ടിൽ കാപ്പിരികൾക്ക് അനുഭവിക്കേണ്ടി വന്ന യാതനകൾ എന്തെല്ലാം ?

23. "ഒറ്റസ്നാപ്പിൽ ഒതുക്കാൻ ആവില്ല

ഒരു ജന്മത്തിന്റെയും സത്യം!" - പൊരുൾ വിശദമാക്കുക.

## Section C

രണ്ടു ചോദ്യത്തിന് 300 വാക്കിൽ കവിയാതെ ഉത്തരംഎഴുതുക. **(10x2 = 20മാർക്ക്)**

24. അധിനിവേശത്തിന്റെ ആസുരശക്തികൾക്കെതിരെയുള്ള സിയാറ്റിൻ മൂപ്പന്റെ

പ്രസംഗത്തിന്റെ സമകാലിക പ്രസക്തിയെന്ത്? ചർച്ച ചെയ്യുക.

25. പ്രണയസങ്കൽപ്പങ്ങളെ ലോല എന്ന കഥ പരിചരിക്കുന്നതെനെങ്ങനെ?

വിമർശനാത്മകമായി വിലയിരുത്തുക.

26. ദർശനങ്ങളുടെ പരിണാമവും സ്വാതന്ത്ര്യബോധവും 'ബുദ്ധനും ഞാനും നരിയും'

എന്ന കവിതയിൽ ആവിഷ്കരിക്കപ്പെടുന്നതെങ്ങനെ? - വിശദമാക്കുക

27. 'അതിജീവനം' എന്ന ആശയത്തെ നാം പിന്നിട്ട ദുരിതകാലങ്ങളെ

(കൊറോണ, പ്രളയം) മുൻനിർത്തി വിശകലനം ചെയ്യുക.

2B1N23288

(Pages : 4)

Reg. No:.........................

Name: ...........................

FAROOK COLLEGE (AUTONOMOUS), KOZHIKODE

**First Semester BA Malayalam Degree Examination, November 2023**

**BML1B01 - Adunika Malayala Kavitha**

(2022 Admission onwards)

Time : 2 ½ hours

Max. Marks : 80

**ഒന്നോ രണ്ടോവാക്കിൽ ഉത്തരമെഴുതുക.**

**[15 x 2 = 30 (പരമാവധി മാർക്ക് 25)]**

1. ജാതിക്കുമ്മി എന്ന കവിതയുടെ രചനയ്ക്ക് അടിസ്ഥാനമായ കാവ്യം ഏത് ? മൂലകൃതി എഴുതിയത് ആര്?
2. "പഴകിയ തരുവല്ലിമാറ്റിടാം,
   പുഴയൊഴുകും വഴി വേറെയാക്കിടാം.
   കഴിയുമവ- മനസ്വിമാർ മന-
   സ്സൊഴിവതശക്യമൊരാളിലൂന്നിയാൽ" . - ഇവിടെ സൂചിതമാകുന്ന
   ആശയമെന്ത്?
3. ' പ്രഭാകീടം സ്ഫുടിപ്പിക്കും
   പ്രപഞ്ചത്തിൻ നിജസ്ഥിതി
   ജല്ലൂക വികസിപ്പിക്കും
   ജീവാത്മാവിൻ പുരോഗതി' - ആശയമെന്തെന്ന് വ്യക്തമാക്കുക.
4. " ക്ഷിതിയിലഹഹ! മർത്ത്യജീവിതം
   പ്രതിജനഭിന്ന വിചിത്ര മാർഗമാം
   പ്രതി നവരസമാമതോർക്കുകിൽ
   കൃതികൾ മനുഷ്യ കഥാനുഗായികൾ"- ആശയമെന്ത്?
5. "നീ സത്യം ജ്ഞാനമാനന്ദം
   നീ തന്നെ വർത്തമാനവും
   ഭൂതവും ഭാവിയും വേറ-
   ല്ലോതുംമൊഴിയുമോർക്കിൽ നീ."- ഇവിടെ തെളിയുന്ന അർത്ഥ
   വ്യാപ്തിയെന്ത്?

6. ' ഒട്ടും പേടിക്കേണ്ടെൻ മകനേ,
മണ്ണറപൂകിയഞാഞ്ഞൂളുകൾ തൻ
പുറ്റുകളാ - ണിവയല്ലോ നമ്മുടെ
പുതിയ യുഗത്തിലെ നാഗത്താന്മാർ' -ഇവിടെ സൂചിതമാകുന്ന
ആശയമെന്ത്?
7. "കാണുന്നീലൊരക്ഷരവും എന്റെ വംശത്തെപ്പറ്റി
കാണുന്നുണ്ടനേക വംശത്തിൻ ചരിത്രങ്ങൾ - കവി ഇങ്ങനെ
പറയുന്നതിലെ സാംഗത്യമെന്ത്?
8. "പിരികയാണിതാ, ഞാനൊരധഃകൃതൻ
കരയുവാനായ്പ്പിറന്നൊരു കാമുകൻ!" - കവി ഇങ്ങനെ പറയുവാനുള്ള
കാരണമെന്ത്?
9. 'പൊരുതുന്നവരുടെ ശക്തികളിവിടെ
ത്തമ്മിൽ ച്ചേർന്നുപടർന്നുയരുന്നു.' - എന്തിന് വേണ്ടിയാണ് ആഫ്രിക്കൻ
ജനത സംഘടിച്ചത്?
10. "കെട്ടിയ പെണ്ണു മായ്മാർഗ്ഗമദ്ധ്യം
മുട്ടിച്ചിട്ടാതെവഴിമാറെടാ "- ആര് ആരോടാണ് ഇങ്ങനെ പറയുന്നത് ?
ഏത് കവിതയിൽ?
11. ആകെശ്ശവികെട്ടിരുന്നുഞാനെങ്കിലെ-
ന്താളുകൾക്കുത്സവമുത്സവമല്ലയോ? സന്ദർഭമെന്ത്?
12. മധുര കാവ്യം എന്ന ഉപനാമത്തിൽ അറിയപ്പെടുന്ന കാവ്യേമേത്?
എഴുതിയത് ആര്?
13. എൻ.വികൃഷ്ണവാരിയർ 'മസായികൾ' എന്ന്
വിശേഷിപ്പിക്കുന്നതാരെയാണ്?
14 ഭൂവിതൾ ഉപ്പു നുകർന്നു നീ പൈതലേ
ഭൂമി തൻ ഉപ്പായ് വളരുകെന്നിങ്ങനെ -
സന്ദർഭം വ്യക്തമാക്കുക.
15. ഒരു വിലാപം എന്ന കവിതയിലെ പ്രമേയം എന്ത്?

ഒരുഖണ്ഡികയിൽ കവിയാതെഉത്തരംഎഴുതുക.

[5 x 8 = 40 (പരമാവധിമാർക്ക് 35)]

16. "മണിമുഴക്കം! മരണ ദിനത്തിന്റെ
മണിമുഴക്കം മധുരം! വരുന്നു ഞാൻ! - സന്ദർഭവും സാരസ്യവും വ്യക്തമാക്കുക?

17. ലീല'യെ ഒരു കാല്പനിക കാവ്യമെന്ന നിലയിൽ വിലയിരുത്തുക?.

18. "ജ്ഞാനം കൊണ്ടല്ലാതെ ബ്രാഹ്മണത്വം
മാനവന്മാർക്കു ലഭിക്കയില്ല.
ജ്ഞാനിക്കു ജാതിയും തീണ്ടലുമില്ലല്ലോ
ആനന്ദമേയുള്ളൂ. യോഗപ്പെണ്ണേ!' - ഈ തത്വം ഇന്നും പ്രസക്തമാണോ? സമകാലിക സാമൂഹ്യ പശ്ചാത്തലത്തിൽ വിലയിരുത്തുക.

19. "പരരുടെ വീട്ടിൽ ച്ചെന്നിത, കേറി,
നിരവധി ദാസ്യച്ചുടുകൾ പേറി
വരഗുണസംസ്കാരാദികൾ മാറി
വിരഹവിഷാദാൽ ഹൃദയം നീറി"- സന്ദർഭവും സാരസ്യവും വ്യക്തമാക്കുക. ?

20. "കുഴിവെട്ടി മൂടുക വേദനകൾ
കുതി കൊൾക ശക്തിയിലേക്കു നമ്മൾ"- സന്ദർഭവും ആശയവും വ്യക്തമാക്കുക.

21. ശ്ലോകഃശോകത്വമഗതം എന്ന വാക്യത്തെ അന്വർത്ഥമാക്കുന്നുണ്ടോ ഒരു വിലാപം ? വ്യക്തമാക്കുക.

22. "എന്റെയല്ലെന്റെയല്ലിക്കൊമ്പനാനകൾ
എന്റെയല്ലീമഹാക്ഷേത്രവും, മക്കളേ
നിങ്ങൾതൻ കുണ്ഠിതം കാണ്മതിൽ ഖേദമു-
ണ്ടെങ്കിലും നിന്ദിപ്പതില്ലെൻ വിധിയെ ഞാൻ" - സന്ദർഭവും സാരസ്യവും വിശദമാക്കുക.

23. 'മാതൃത്വം അനുഗ്രഹം മാത്രമല്ല ശാപവും പകരുന്ന ചില സന്ദർഭങ്ങൾ ജീവിതത്തിലുണ്ടാകാം' പണിമുടക്കം എന്ന കവിതയെ അടിസ്ഥാനമാക്കി വിലയിരുത്തുക.

**ഏതെങ്കിലും രണ്ട്ചോദ്യങ്ങളെകുറിച്ച് രണ്ടു പുറത്തിൽ കവിയാതെ ഉപന്യസിക്കുക** [2 x 10 = 20]

24. മതാന്ധതയുടെ ചങ്ങലകൾ നിരന്തരമായിപിടിമുറുക്കുന്ന ഇന്നത്തെ സാഹചര്യത്തിൽ ദൈവദശകം ഏറെ വായിക്കപ്പെടേണ്ടതുണ്ട് എന്ന അഭിപ്രായം ശരിയോ? ചർച്ച ചെയ്യുക.
25. സർപ്പക്കാട് എന്ന കവിതയിലൂടെ തെളിയുന്ന കവിയുടെ ജീവിത ദർശനം എന്ത് വ്യക്തമാക്കുക?
26. ജാതിയ്ക്കെതിരെയും മനുഷ്യ സ്വാതന്ത്ര്യത്തിനു വേണ്ടിയും നില കൊള്ളുന്ന ഒരു കൃതിയെന്ന നിലയിൽ 'ജാതിക്കുമ്മി' യെ വിലയിരുത്തുക?
27. ഒ. എൻ. വി.യുടെ പാരിസ്ഥിതികവും മാനവികവുമായ ദർശനങ്ങൾ 'ചോറൂണ്' എന്ന കവിതയിൽ തെളിയുന്നതെങ്ങനെ? ചർച്ച ചെയ്യുക.

2B1N23289 (Pages : 1) Reg. No:.........................

Name: .........................

FAROOK COLLEGE (AUTONOMOUS), KOZHIKODE

**First Semester BA Malayalam Degree Examination, November 2023**

**BML1C01 - Kerala Padanam- Poorvakala Keralam**

(2022 Admission onwards)

Time : 1 ½ hours Max. Marks : 40

**SECTION – A**

**ഒന്നോര ണ്ടോ വാക്കിൽ ഉത്തരമെഴുതുക**

1 കേരളത്തിലെ പ്രാക്ചരിത്രാവശിഷ്ടങ്ങൾ കണ്ടെടുക്കപ്പെട്ട പ്രദേശങ്ങൾ ഏതെല്ലാം?

2 മഹാശിലാവശിഷ്ട രൂപങ്ങൾ ഏതെല്ലാം?

3 വടക്കിരിക്കൽ എന്നാലെന്ത്?

4 കുരവൈകൂത്ത് എന്നാലെന്ത്?

5 നടുകല്ലുകൾ എന്നാലെന്ത്?

6 പുരാലിഖിതങ്ങളുടെ ചരിത്ര പ്രാധാന്യമെന്ത്?

**(6 x 2 = 12 പരമാവധി10 മാർക്ക്)**

**SECTION – B**

**ഒരു ഖണ്ഡികയിൽ കവിയാതെ ഉത്തരമെഴുതുക**

7 മഹാശിലാസംസ്കാരം - കുറിപ്പെഴുതുക.

8 കോഴിക്കോടിന്റെ സാംസ്കാരികചരിത്രം അറബിരാജ്യങ്ങളുമായുള്ള സഖ്യത്തിന്റെയും ബന്ധങ്ങളുടെയും ചരിത്രമാണെന്നു പറയുന്നതെന്തുകൊണ്ട്?

9 ആദ്യകാല കേരളത്തിൽ ബുദ്ധമത സ്വാധീനം – കുറിപ്പ് വ്യക്തമാക്കുക.

10 മൂഴിക്കളംകച്ചെതിന്റെ പൊതുസ്വഭാവമെന്ത് ?

11 കേരളത്തിലെ പ്രാജീനവർത്തക സംഘങ്ങൾ ഏതെല്ലാം?

12 തരിസാപ്പള്ളിചെപ്പടിന്റെ ചരിത്രപ്രാധാന്യം വ്യക്തമാക്കുക.

**(6 X 4= 24, പരമാവധി20മാർക്ക്)**

**SECTION – C**

**ഏതെങ്കിലും ഒരുചോദ്യത്തിന് രണ്ടുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.**

13 കേരളത്തിന്റെ ഭൂപ്രകൃതിയുടെ ഘടനയും സമൂഹരൂപീകരണവും തമ്മിലുള്ള ബന്ധത്തെ വിശകലന വിധേയമാക്കുക.

14 സംഘകാല കേരളത്തിലെ സാമൂഹിക സാംസ്കാരിക കാർഷിക സംസ്കൃതിയെക്കുറിച്ചു വിശദമാക്കുക.

**(1 X 10 = 10)**